**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2477** **15-10-2024 - ൽ മറുപടിയ്ക്ക്**

**സമഗ്ര ലോജിസ്റ്റിക് പാർക്ക് നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യാവസായിക മേഖലയിൽ ഈ സർക്കാർ ഒരു സമഗ്ര ലോജിസ്റ്റിക് പാർക്ക് നയത്തിന് അന്തിമരൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ലോജിസ്റ്റിക് ശൃംഖലയിൽ വ്യാവസായിക ഉൽപ്പാദന കേന്ദ്രങ്ങളേയും ഉപഭോഗ കേന്ദ്രങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുന്ന സുപ്രധാന കണ്ണികളാണ് ലോജിസ്റ്റിക് പാർക്കുകൾ. കസ്റ്റംസ് ക്ലിയറൻസ്, കണ്ടെയ്നർ ഗതാഗതം, വെയർഹൗസിംഗ്, സ്റ്റോറേജ്, പാക്കിങ്, ലേബലിങ് മുതലായ ഒട്ടനവധി സേവനങ്ങൾ ലോജിസ്റ്റിക് പാർക്കുകളിലൂടെ ലഭ്യമാക്കാൻ സാധിക്കുന്നതാണ്.<br><br>വ്യാവസായിക വികസനത്തിന് ഇത്തരത്തിൽ കാര്യക്ഷമമായ ലോജിസ്റ്റിക് പാർക്കുകളുടെ ഒരു ശൃംഖല അത്യാവശ്യമാണെന്ന ഉത്തമ ബോധ്യത്തോടെയാണ് ലോജിസ്റ്റിക് മേഖലയെ ഒരു മുൻഗണനാ മേഖലയായി സർക്കാർ 2023-ലെ സംസ്ഥാന വ്യവസായ നയത്തിലൂടെ പ്രഖ്യാപിച്ചത്. ഇതിന് ചുവടു പിടിച്ച് ഒരു ഉപ-നയമായി 'കേരള ലോജിസ്റ്റിക് പാർക്ക് പോളിസി' തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം, കുറഞ്ഞത് പത്ത് ഏക്കർ ഭൂമിയിൽ ലോജിസ്റ്റിക്സ് പാർക്കുകളും, അഞ്ചു മുതൽ പത്ത് വരെ ഏക്കർ ഭൂമിയിൽ മിനി-ലോജിസ്റ്റിക്സ് പാർക്കുകളും നിർമ്മിക്കാൻ പ്രോത്സാഹനം നല്കുന്നതാണ്. പൂർണ്ണമായും സ്വകാര്യ മേഖലയിലോ, അല്ലെങ്കിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയോ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>ലോജിസ്റ്റിക്സ് പാർക്കുകളുടെ പ്രധാന ഘടകങ്ങൾ (കോർ കംപോണന്റ്സ്) വികസിപ്പിക്കുന്നതിനും, ഭൂമിയും ഭൂവികസനവും ഒഴികെയുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, നിക്ഷേപ സബ്സിഡിയും പ്രസ്തുത നയം വിഭാവനം ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ, ലോജിസ്റ്റിക്സ് പാർക്കോ, മിനി-ലോജിസ്റ്റിക്സ് പാർക്കോ സ്ഥാപിക്കുന്നതിന്, വിലകൊടുത്തു വാങ്ങുകയോ, ദീർഘ കാലത്തേക്ക് പാട്ടത്തിലെടുക്കുകയോ ചെയ്യുന്ന ഭൂമിയ്ക്ക്, വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള ഇളവുകളായ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജുകളും ഒഴിവാക്കുന്നതും ലോജിസ്റ്റിക്സ് പാർക്ക് നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ലോജിസ്റ്റിക് പാർക്ക് നയപരിപാടി പ്രായോഗികതലത്തിലെത്തുന്നതോടുകൂടി ഏതെല്ലാം തരത്തിലുള്ള നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | ദേശീയ-സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ സുപ്രധാനമായ സ്ഥാനം വഹിക്കുന്ന മേഖലകളിൽ ഒന്നാണ് ലോജിസ്റ്റിക് മേഖല. ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നും, വിപണികളിലേക്കും ഉപഭോക്താക്കളിലേക്കും ഉൽപ്പന്നങ്ങളുടെ വേഗത്തിലുള്ളതും കാര്യക്ഷമവുമായ ചലനം ഉറപ്പാക്കിക്കൊണ്ട് ഈ മേഖല, നിരവധി നിക്ഷേപ സാധ്യതകളുള്ള ഒരു നെറ്റ്‌വർക്കായാണ് പ്രവർത്തിക്കുന്നത്. അതിനോടൊപ്പം ഓൺലൈൻ വാണിജ്യം ശ്രദ്ധയാകർഷിക്കുന്ന ഈ കാലഘട്ടത്തിൽ, ലോജിസ്റ്റിക് മേഖല വിദേശ നിക്ഷേപം ഉൾപ്പെടെ നിരവധി നിക്ഷേപ അവസരങ്ങൾ കൂടി അധികമായി വാഗ്ദാനം ചെയ്യുന്നു. കൂടാതെ, വലിയ തോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഒരു മേഖലകൂടിയാണ് ലോജിസ്റ്റിക്സ് മേഖല. സംസ്ഥാനത്തിന്റെ വിപുലമായ റോഡ് ശൃംഖല, റെയിൽ, തുറമുഖം, ജലപാത ഗതാഗതത്തിന്റെ നേട്ടങ്ങൾ, വിഴിഞ്ഞം, കൊച്ചി തുടങ്ങിയ അന്താരാഷ്ട്ര തുറമുഖങ്ങളുടെ സാന്നിധ്യം എന്നിങ്ങനെ നിലവിലുള്ള മെച്ചപ്പെട്ട സാഹചര്യങ്ങളോട്, യോജിച്ചുകൊണ്ട് പ്രസ്തുത സംവിധാനങ്ങളുടെ മുന്നോട്ടുള്ള വികസനവും മുന്നിൽ കണ്ടാണ് കേരള ലോജിസ്റ്റിക്സ് പാർക്ക് പോളിസി, 2024 രൂപീകരിച്ചിരിക്കുന്നത്. ഇതുവഴി പൊതു സ്വകാര്യ പങ്കാളിത്തത്തിലും, പൂർണ്ണമായും സ്വകാര്യമേഖലയിലെ പാർക്ക് എന്ന നിലയിലും കേരളത്തിൽ ലോജിസ്റ്റിക്സ്/മിനി ലോജിസ്റ്റിക്സ് പാർക്കുകൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. ആയതിനാൽ പ്രസ്തുത നയം പ്രായോഗികതലത്തിൽ എത്തുന്നതോടുകൂടി സംസ്ഥാനത്തിന്റെ ലോജിസ്റ്റിക് മേഖലയുടെ സാധ്യതകളെ കൂടുതൽ ശക്തിപ്പെടുത്താനും, അതുവഴി കൂടുതൽ നിക്ഷേപ സാധ്യതകളും, തൊഴിലവസരങ്ങളും സൃഷ്ടിക്കാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br><br>ലോജിസ്റ്റിക്സ് പാർക്ക് നയപ്രകാരം ചീഫ് സെക്രട്ടറി നേതൃത്വം നൽകുന്ന ഒരു ലോജിസ്റ്റിക്സ് കോർഡിനേഷൻ കമ്മിറ്റിയും രൂപീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | ലോജിസ്റ്റിക്സ് മേഖലയിൽ ആവശ്യമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളാനുള്ള അധികാരം ഈ കമ്മറ്റിക്ക് മേൽ നിക്ഷിപ്തമായിരിക്കും. അതോടൊപ്പം, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സംസ്ഥാന ലോജിസ്റ്റിക്സ് സെല്ലും നയം വിഭാവനം ചെയ്യുന്നു. ഈ സംവിധാനമായിരിക്കും ലോജിസ്റ്റിക്സ് ആക്ഷൻ പ്ലാൻ നടപ്പിലാക്കുക. ഇതിന് പുറമെ നഗരതലത്തിൽ ലോജിസ്റ്റിക്സ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സിറ്റി ലോജിസ്റ്റിക്സ് കോർഡിനേഷൻ കമ്മിറ്റികളും പ്രത്യേകമായി രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകളും നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലോജിസ്റ്റിക്സ് പാർക്കുകൾക്കും മിനി ലോജിസ്റ്റിക്സ് പാർക്കുകൾക്കുമായി ഏകജാലക ക്ലിയറൻസ് സംവിധാനം രൂപീകരിക്കാനും നയത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇത്തരത്തിൽ സർക്കാർ തലത്തിൽ വിവിധ സംവിധാനങ്ങൾ ഒരുക്കുന്നതിലൂടെ ലോജിസ്റ്റിക്ക് മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകി, അവയ്ക്ക് പരിഹാരം കാണാനും, അതുവഴി സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ മെച്ചമുണ്ടാക്കാനും സാധിക്കുന്നതാണ്. |
| (സി) | ഇതിന്റെ ഭാഗമായി ഒരു ലോജിസ്റ്റിക് ടൗൺഷിപ്പ് വികസിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | ‘കേരള ലോജിസ്റ്റിക് പാർക്ക് പോളിസി’ 2024 പ്രകാരം, കുറഞ്ഞത് പത്ത് ഏക്കർ ഭൂമിയിൽ ലോജിസ്റ്റിക്സ് പാർക്കുകളും, അഞ്ച് മുതൽ പത്ത് വരെ ഏക്കർ ഭൂമിയിൽ മിനി-ലോജിസ്റ്റിക്സ് പാർക്കുകളും നിർമ്മിക്കുന്നതിനാണ് സർക്കാർ പ്രോത്സാഹനം നൽകുന്നത്. |

സെക്ഷൻ ഓഫീസർ